
# ആർക്കും വേണ്ടാത്ത വെള്ളം, ഭൂമി പിന്നെ പരിസ്ഥിതിയും

**ആഷിഷ് കോത്താരി**

പരിഭാഷ : ബിജു എസ്. ബാലൻ

എങ്ങനെ നോക്കിയാലും ഇന്ത്യയുടെ പരിസ്ഥിതിയും പരിസ്ഥിതിയെ ആശ്രയിച്ചു കഴിയുന്ന ജനങ്ങളും കഷ്ടത്തിലാണ്. ജല-വായു മലിനീകരണം മൂലം ലക്ഷക്കണക്കിനാളുകൾ ദുരിതമനുഭവിക്കുന്നു. ജലദൗർലഭ്യം രൂക്ഷമായിരിക്കുന്നു. വന്യജീവികൾ കുറഞ്ഞുവരുന്നു. ആയിരക്കണക്കിനാളുകൾ എല്ലാ വർഷവും മാറ്റി പാർപ്പിക്കപ്പെടുന്നു. കുറഞ്ഞ ഉല്പാദനം മൂലവും വരൾച്ചയേയും മലിനീകരണത്തേയും നേരിടാൻ പൈസ ചെലവഴിക്കുന്നതുവഴിയും എല്ലാ വർഷവും ആയിരക്കണക്കിന് കോടി രൂപ ചെലവാക്കപ്പെടുന്നു. ഈ പൊതുതെരഞ്ഞെടുപ്പ് ഈ അവസ്ഥയ്ക്കൊരു മാറ്റം വരുമെന്ന് സൂചിപ്പിക്കുന്നുണ്ടോ ? രണ്ടു പ്രധാന ദേശീയ പാർട്ടികളുടെ തെരഞ്ഞെടുപ്പ് പത്രിക എന്തെങ്കിലും വ്യത്യസ്തമായി വാഗ്ദാനം ചെയ്യുന്നുണ്ടോ?



വികസനം, ജീവിതനിലവാരം, തൊഴിലില്ലായ്മ എന്നീ അടിസ്ഥാന പ്രശ്നങ്ങളെ മുൻനിർത്തിയാണ് ബി.ജെ.പി. യും കോൺഗ്രസും സഖ്യകക്ഷികളും മത്സരിക്കുന്നത്. ഈ പ്രശ്നങ്ങളെല്ലാം തന്നെ ഇന്ത്യയുടെ പ്രകൃതി വിഭവങ്ങളുമായി ഇഴപിരിക്കാനാവാത്ത വിധം ബന്ധപ്പെട്ടു കിടക്കുന്നു. അതായത് വെള്ളം, ഭൂമി, കാടുകളും സമുദ്രങ്ങളുമടങ്ങുന്ന ജൈവവൈവിധ്യവുമായി. അരനൂറ്റാണ്ടുകാലത്തെ അനുഭവം കൈമുതലായുള്ള ഈ പാർട്ടികളെല്ലാം തന്നെ പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തിക്കൊണ്ടുള്ള മാനവവികസനവും ക്ഷേമ സങ്കല്പങ്ങളുമായി മുന്നോട്ടു പോകുമെന്ന് ആരെങ്കിലും ധരിച്ചിട്ടുണ്ടാകും. നിർഭാഗ്യവശാൽ അവരുടെ പ്രകടനപത്രികകളിൽ അതിന്റെ യാതൊരു സൂചനയുമില്ല.

എൻ.ഡി.എ. പ്രകടനപത്രികയും കോൺഗ്രസ് പ്രകടനപത്രികയും തുടങ്ങു

*(പേജ് 2 ൽ തുടർച്ച)*

# തെരഞ്ഞെടുപ്പിൽ ആർക്കുംവേണ്ടാത്ത ഭൂമി, ജീവൻ

(ഒന്നാം പേജ് തുടർച്ച)

ന്നത് അവരവരുടെ നേട്ടങ്ങളെ എടുത്തുപറഞ്ഞു കൊണ്ടാണ്. പക്ഷെ രണ്ടിലും പരിസ്ഥിതി സംരക്ഷിക്കുന്നതിനെപ്പറ്റിയോ വികസനം ഒരു സുസ്ഥിരമായ പാതയിൽ കൊണ്ടുവരുന്നതിനെപ്പറ്റിയോ പറയുന്നില്ല. രണ്ടുപേരും ആഗോള സാമ്പത്തിക വ്യവസ്ഥയിലേക്കും ഉയർന്ന വളർച്ചാ നിരക്കിലേക്കും ഇന്ത്യയെ നയിച്ചതിനെപ്പറ്റി അവകാശവാദം ഉന്നയിക്കുന്നുണ്ട്. പക്ഷെ ഇവയെല്ലാംതന്നെ ഇന്ത്യയുടെ പരിസ്ഥിതിയിന്മേലും പരിസ്ഥിതിയെ നേരിട്ട് ആശ്രയിച്ചു കഴിയുന്ന ജനങ്ങളുടെ മേലുമുണ്ടാക്കിയ പ്രത്യാഘാതങ്ങളെക്കുറിച്ചും മിണ്ടുന്നില്ല. രണ്ടു പ്രകടനപത്രികകളും വരാൻ പോകുന്ന അഞ്ചുവർഷത്തെ വികസനത്തെപ്പറ്റി സംസാരിക്കുന്നത് പഴഞ്ചൻ മാനദണ്ഡങ്ങളായ സാമ്പത്തിക വളർച്ചാനിരക്കിലെ ശതമാനം, അടിസ്ഥാന സൗകര്യ നിർമ്മാണം, കയറ്റുമതി വ്യവസായങ്ങൾ എന്നിവയൊക്കെയാണ്.

'സുസ്ഥിരമായ വികസനം' എന്നതിനെക്കുറിച്ച് പരാമർശം പോലുമില്ല. ഒരു സമഗ്രഭൂവിനിയോഗ നയത്തിലൂടെ പാരിസ്ഥിതികമായി പ്രാധാന്യമേറിയ സ്ഥലങ്ങളെ സംരക്ഷിക്കുന്നതിനെക്കുറിച്ച് രണ്ട് പ്രകടനപത്രികകളും പറയുന്നില്ല. അതേ സമയം നദീസംയോജന പ്രോജക്ട് (എൻ.ഡി.എ.) വൻതോതിലുള്ള താപോർജ്ജ വികസനം എന്നിങ്ങനെ പരിസ്ഥിതി വിനാശകാരികളായുള്ള വാഗ്ദാനങ്ങൾ ഏറെയുണ്ട്. പാരിസ്ഥിതികവും സാംസ്കാരികവുമായ വശങ്ങളെക്കുറിച്ച് യാതൊരു പരാമർശവുമില്ലാതെയുള്ള ടൂറിസം വ്യാപന പദ്ധതികളും മുന്നോട്ടു വെച്ചിരിക്കുന്നു. ഇന്ത്യയുടെ തീരങ്ങളെ വിനാശകരമായ വികസനത്തിൽ നിന്നും രക്ഷിച്ചു നിർത്തിയിരുന്ന തീരദേശ നിയന്ത്രണ മേഖലാ നടപടിക്രമങ്ങളിൽ അയവു പ്രഖ്യാപിക്കുകയും എല്ലാ പദ്ധതികളിലും 45 ദിവസത്തിനുള്ളിൽ പരിസ്ഥിതി സംബന്ധമായ അനുമതി ലഭിക്കുമെന്ന് പറയുകയും ചെയ്യുന്നതാണ് എൻ.ഡി.എ. പ്രകടന പത്രിക.

എൻ.ഡി.എ. യുടെയും കോൺഗ്രസിന്റെയും തൊഴിൽ വാഗ്ദാനങ്ങളിൽ രാജ്യത്തെ ഏറ്റവും വലിയ തൊഴിലുല്പാദന മേഖലയാകാവുന്ന ഒന്നിനെക്കുറിച്ച് പരാമർശമില്ല. അതായത് രാജ്യം മുഴുവൻ ക്യാൻസർ പോലെ പരന്നുകിടക്കുന്ന കോടിക്കണക്കിന് ഹെക്ടർ ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും പുനരുദ്ധാരണം. ജയിച്ചു കഴിഞ്ഞാൽ തരിശുഭൂമികളുടെ വികസനപദ്ധതികളെപ്പറ്റിയും സാമൂഹ്യ വനവൽക്കരണത്തെപ്പറ്റിയും എൻ.ഡി.എ. പരാമർശിക്കുന്നുണ്ടെങ്കിലും അതിനുവേണ്ടി വരുന്ന വൻ പരിശ്രമത്തിനെപ്പറ്റിയോ അതുവഴിയുണ്ടാക്കാവുന്ന ലക്ഷക്കണക്കിന് തൊഴിലവസരത്തെപ്പറ്റിയോ പറയുന്നില്ല.

അവരുടെ കൃഷിയെപ്പറ്റിയുള്ള ദർശനം ആഴമേറിയതാണോ ? എൻ.ഡി.എ. ജൈവകൃഷിയെപ്പറ്റി പരാമർശിക്കുന്നുണ്ടെങ്കിലും ജയിച്ചു വന്നാൽ പരിഗണണിക്കാവുന്ന ഒരു കാര്യമെന്നല്ലാതെ മുഖ്യ കാര്യമായി എടുക്കുന്നില്ല. കോൺഗ്രസ്സാവട്ടെ ഇതിനെപ്പറ്റി പരാമർശിക്കുന്നുപോലുമില്ല. രണ്ടുപേരും കൃഷിയെ വ്യവസായവൽക്കരിക്കുന്നതിന് ഊന്നൽ നൽകുന്നു. ഇതിനായി കാർഷികാടിസ്ഥാനമാക്കിയുള്ള കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റി പറയുന്നു. മത്സ്യബന്ധനരംഗത്താണെങ്കിൽ ആഴക്കടലിന്റെ ചൂഷണവും ആധുനിക മത്സ്യബന്ധന ഉപകരണങ്ങളുടെ വ്യാപനവും വാഗ്ദാനം ചെയ്യുന്നു. ഇന്ത്യയിലെ ചെറുകിട കൃഷിക്കാർക്കാണ് കാർഷിക വികസനത്തിനായി സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടത്. എന്നാൽ രണ്ടു പ്രകടന പത്രികകളും വാഗ്ദാനം ചെയ്യുന്നവയുടെ പ്രയോജനം പണക്കാരായ കൃഷിക്കാർക്കും വൻകിട മത്സ്യബന്ധനക്കാർക്കുമാണ്. കൃഷിയിൽ വ്യാപകമായി ഉപയോഗിച്ചുവരുന്ന മാരകമായ രാസവസ്തുക്കളെ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് വെള്ളം, പച്ചക്കറികൾ, പഴങ്ങൾ എന്നിവയെയെല്ലാം കൂടുതൽ ആരോഗ്യപ്രദമാക്കുന്നതിനെക്കുറിച്ച് യാതൊരു പരാമർശവുമില്ല.

ഒരു ശുഭലക്ഷണമെന്നപോലെ, രണ്ടു പ്രകടന പത്രികകളിലും കൂട്ടായ്മയിലൂടെ ചെയ്യുന്ന വെള്ളക്കൊയ്ത്തിനെ പറ്റി പറയുന്നുണ്ട്. പക്ഷെ ഇതിന്റെ പ്രാധാന്യം എടുത്തുക്കാണിക്കാൻ രണ്ടുപേർക്കും കഴിഞ്ഞിട്ടില്ല. അതേസമയം എൻ.ഡി.എ. പ്രകടന പത്രികയിൽ നദീസംയോജന പദ്ധതിക്കു കൊടുത്തിട്ടുള്ള അമിത പ്രാധാന്യം മറ്റു പദ്ധതികളെയെല്ലാം ചെറുതാക്കിക്കളയുന്നു.

രണ്ടു പാർട്ടികളും ഒപ്പത്തിനൊപ്പം മത്സരിക്കുന്ന ഒരു വാഗ്ദാനം ആദിവാസികൾക്ക് വനഭൂമിയിന്മേലുള്ള അവകാശത്തിന്മേലാണ്. ആദിവാസികളെക്കുറിച്ചു പറയുന്ന ഭാഗത്തു മാത്രമാണ് കോൺഗ്രസ് പ്രകടന പത്രികയിൽ പാരിസ്ഥിതിക സുസ്ഥിരതയും സാമ്പത്തിക വികസനവും ബാലൻസ് ചെയ്യേണ്ടതിനെക്കുറിച്ച് പറയുന്നത്. രണ്ടു പ്രകടനപത്രികകളും പ്രാദേശിക ഗ്രാമസഭകളുടെ ശാക്തീകരണവും (സാമ്പത്തികമായും രാഷ്ട്രീയപരമായും) വാഗ്ദാനം ചെയ്യുന്നുണ്ട്. പക്ഷെ ഇതേപോലെ മുൻപ് നടത്തിയ വാഗ്ദാനങ്ങളെല്ലാംതന്നെ നിഷ്ഫലമാവുകയാണുണ്ടായത്. ഗ്രാമസഭകൾക്കും പഞ്ചായത്തുകൾക്കും അധികാരം കൊടുക്കുന്ന 1993, ഭരണഘടനാ ഭേദഗതിക്കുശേഷം രണ്ടു പാർട്ടികൾക്കും ഇവ നടപ്പാക്കാൻ ഇഷ്ടം പോലെ സമയം ഉണ്ടായിരുന്നു. പക്ഷെ രണ്ടുപേരും പരാജയപ്പെടുകയാണുണ്ടായത്. എന്നിരുന്നാലും ഈ വാഗ്ദാനം ഇരുട്ടിലെ തിരിനാളംപോലെ ഒന്നായി കരുതേണ്ടതാണ്.

വലിയ രാഷ്ട്രീയ പാർട്ടികളുടെ പ്രകടന പത്രികകൾക്കും വാഗ്ദാനങ്ങൾക്കും പുറത്തും മറ്റു പ്രതീക്ഷകളുമുണ്ട്.

ഒട്ടേറെ സ്വതന്ത്ര സ്ഥാനാർത്ഥികൾ പല മണ്ഡലങ്ങളിലായി വെള്ളം, ഭക്ഷ്യസുരക്ഷ, ഭൂപുനർനിർമ്മാണം, കാടുകൾ സംബന്ധിച്ച അവകാശം എന്നിങ്ങനെ അടിസ്ഥാന പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. വെള്ളം, മലിനീകരണം മുതലായ അടിസ്ഥാന പ്രശ്നങ്ങളിൽ ശ്രദ്ധിച്ചില്ലെങ്കിൽ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുമെന്ന് പലയിടത്തും ജനങ്ങൾ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഇവ പലയിടത്തായി ചെറുസംഘങ്ങളെപ്പോലെ ചിതറിക്കിടക്കുന്നു. രണ്ടു പ്രധാന പാർട്ടികളുടെ പ്രകടന പത്രികയെ കണക്കിലെടുക്കുകയാണെങ്കിൽ ഇന്ത്യയിലെ പരിസ്ഥിതി മുന്നേറ്റങ്ങൾ ഇപ്പോഴും രാഷ്ട്രീയമായി അപ്രസക്തമായി തുടരുന്നു.